(ബി) ഇത്തരം വ്യാജ ആയുർവേദ മസാജ് പാർലറുകളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) ഉണ്ട്.

(ബി) ആയുർവേദ-മസാജ് പാർലറുകൾക്കും ചികിത്സാ കേന്ദ്രങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തുന്നതിനും അവയ്ക്ക് ലൈസൻസ് നൽകുന്നതിനും വ്യവസ്ഥ ചെയ്ത് 2006-ലെ കേരള ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ (ലൈസൻസ് നൽകലും നിയന്ത്രിക്കലും) ഓർഡിനൻസ് (2006-ലെ 2) പുറപ്പെടുവിച്ചിട്ടുണ്ട്.

## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വന സംരക്ഷണം

1 [632] ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന സംരക്ഷണവുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥർ ചാർജ്ജ് ചെയ്ത് കോടതിയിൽ സമർപ്പിക്കുന്ന കേസുകൾ അനിയന്ത്രിതമായി നീണ്ടുപോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കേസുകൾ വേഗം തീർപ്പ് കൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത്തരത്തിലുള്ള കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തിട്ടുള്ള തൊണ്ടി മുതലുകൾ കാലപ്പഴക്കം കൊണ്ട് നശിച്ച് പോകുന്നത് ഒഴിവാക്കി സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ചില കേസുകൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കേസുകൾ വേഗം തീർപ്പ് കൽപ്പിക്കുന്നതിന് സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ബി) നടപടി സ്വീകരിച്ചുവരുന്നു. കാലപ്പഴക്കംകൊണ്ട് നശിച്ചുപോകുന്ന സാഹചര്യം ഒഴിവാക്കാൻ തൊണ്ടി മുതലുകൾ താമസംവിനാ വിൽപ്പന നടത്തണമെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

### വനസംരക്ഷണ സമിതികളുടെയും വനവികസന ഏജൻസികളുടെയും പ്രവർത്തനങ്ങൾ

2 [634] ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ഡിസംബർ മാസം വരെ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള വന സംരക്ഷണ സമിതികളുടെയും വനവികസന ഏജൻസികളുടെയും എണ്ണം, ജില്ല, ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ മുഖേന 2002 മുതൽ 2005 ഡിസംബർ വരെ എത്ര തുക വനസംരക്ഷണത്തിനും വികസനത്തിനും ബോധവൽക്കരണത്തിനും ചെലവഴിച്ചു എന്ന് ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ;

(സി) വനവികസന ഏജൻസികളുടെയും വനസംരക്ഷണ സമിതികളുടെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും കണക്കുകൾ ഓഡിറ്റു ചെയ്യുന്നതിനും എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രവർത്തനം തൃപ്തികരമല്ലാത്തതുമൂലമോ മറ്റെന്തെങ്കിലും കാരണങ്ങളാലോ എവിടെയെങ്കിലും വനസംരക്ഷണ സമിതികളെയോ ഏജൻസികളെയോ പിരിച്ച് വിട്ടിട്ടുണ്ടോ;

(ഇ) പങ്കാളിത്ത വന പരിപാലനം കൊണ്ടും വനസംരക്ഷണ സമിതികളുടെ പ്രവർത്തനങ്ങൾ കൊണ്ടും ആർജ്ജിച്ച നേട്ടത്തെ പണത്തിന്റെ മൂല്യത്തിൽ കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2005 ഡിസംബർ മാസം വരെ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള വന സംരക്ഷണ സമിതികളുടെയും വനവികസന ഏജൻസികളുടെയും എണ്ണം, ജില്ല, ഡിവിഷൻ തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| ഏജൻസി | എണ്ണം | ജില്ല | ഡിവിഷൻ |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 13 | തിരുവനന്തപുരം | തിരുവനന്തപുരം |
| തെൻമല | 9 | കൊല്ലം | തെൻമല |
| പുനലൂർ | 17 | കൊല്ലം | പുനലൂർ |
| അച്ചൻകോവിൽ | 3 | കൊല്ലം | അച്ചൻകോവിൽ |
| കോന്നി | 23 | കൊല്ലം | കോന്നി |
| കോട്ടയം | 13 | കോട്ടയം | കോട്ടയം |
| മൂന്നാർ | 8 | ഇടുക്കി | മൂന്നാർ |
| മാങ്കുളം | 8 | ഇടുക്കി | മൂന്നാർ |
| മറയൂർ | 5 | ഇടുക്കി | മറയൂർ സാന്റൽ ഡിവിഷൻ |
| കോതമംഗലം | 9 | എറണാകുളം | കോതമംഗലം |
| മലയാറ്റൂർ | 16 | എറണാകുളം | മലയാറ്റൂർ |
| വാഴച്ചാൽ | 10 | തൃശ്ശൂർ | വാഴച്ചാൽ |
| ചാലക്കുടി | 7 | തൃശ്ശൂർ | ചാലക്കുടി |
| തൃശ്ശൂർ | 17 | തൃശ്ശൂർ | തൃശ്ശൂർ |
| നിലമ്പൂർ നോർത്ത് | 26 | മലപ്പുറം | നിലമ്പൂർ നോർത്ത് |
| നിലമ്പൂർ സൗത്ത് | 14 | മലപ്പുറം | നിലമ്പൂർ സൗത്ത് |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) |
|---|---|---|---|
| പാലക്കാട് | 12 | പാലക്കാട് | പാലക്കാട് |
| മണ്ണാർക്കാട് | 18 | പാലക്കാട് | മണ്ണാർക്കാട് |
| നെൻമാറ | 22 | പാലക്കാട് | നെൻമാറ |
| കോഴിക്കോട് | 12 | കോഴിക്കോട് | കോഴിക്കോട് |
| കണ്ണൂർ | 34 | കണ്ണൂർ | കണ്ണൂർ |
| സൗത്ത് വയനാട് | 16 | വയനാട് | സൗത്ത് വയനാട് |
| നോർത്ത് വയനാട് | 17 | വയനാട് | നോർത്ത് വയനാട് |
| ആകെ | 368 | | |

(ബി) 2002 മുതൽ 2005 ഡിസംബർ വരെ വനസംരക്ഷണത്തിനും വികസനത്തിനും ബോധവൽക്കരണത്തിനും ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി 482.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) വനവികസന ഏജസികളുടെയും വനസംരക്ഷണ സമിതികളുടെയും പ്രവർത്തനങ്ങൾ ഫോറസ്റ്റ് കൺസർവേറ്റർമാരുടെ മേൽനോട്ടത്തിൽ അതാത് ഡി. എഫ്. ഒ. മാരാണ് നിയന്ത്രിക്കുന്നത്. വനവികസനത്തിന് ഏജൻസികളുടെ കണക്ക് സൂക്ഷിക്കുന്നത് അതാത് ഡി. എഫ്. ഒ. മാരും (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ) വനസംരക്ഷണ സമിതികളുടെ കണക്ക് സൂക്ഷിക്കുന്നത് ഫോറസ്റ്റർമാരും ഫോറസ്റ്റ് ഗാർഡുമാരുമാണ്.

(ഡി) ഇല്ല.

(ഇ) പണത്തിന്റെ മൂല്യത്തിൽ കണക്കാക്കപ്പെട്ടിട്ടില്ല.

## വനസമ്പത്ത് കൊള്ള തടയാൻ നടപടി

3 [637] ശ്രീ. സി. ടി. അഹമ്മദ് അലി:
,, കളത്തിൽ അബ്ദുള്ള :
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസമ്പത്ത് കൊള്ള ചെയ്തുകൊണ്ട് പോകുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വനപാലകർക്ക് വേണ്ടത്ര ആധുനിക ആയുധങ്ങൾ നൽകി വനംകൊള്ളക്കാരെ തടയുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് ഗവൺമെന്റ് നടപടിയെടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് ആലോചിച്ച് ഉടനടി നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly